**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3293 11.05.2017- ൽ മറുപടിക്ക്**

**"വ്യവസായപാർക്കുകൾ"**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ബി.സത്യൻ<br>,, പി. ഉണ്ണി<br>,, രാജു എബ്രഹാം<br>,, എം. നൗഷാദ് | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാന സർക്കാർ വ്യവസായ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യവസായ വളർച്ചയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിന് സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | എ) | വ്യവസായ നയം പ്രഖ്യാപിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. യുവാക്കളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻ നിർത്തിയുള്ളതാണ് സർക്കാരിന്റെ പരിഗണനയിലുള്ള വ്യവസായ നയം. വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലും, പാരിസ്ഥിതിക/മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിലും നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികളും ക്ലിയറൻസുകളും ഓൺ ലൈൻ സംവിധാനങ്ങൾ വഴി നൽകുക, ഭൂമി അനുവദിക്കുന്നതിന് അലോട്ട്മെന്റ് പോളിസി, നിക്ഷേപ സൗഹൃദ എക്സിറ്റ് പോളിസി, വിദ്യാർത്ഥി, യുവ, വനിത സംരംഭകർക്ക് പ്രോത്സാഹനം, പാരമ്പര്യ വ്യവസായങ്ങൾക്ക് പ്രത്യേക പദ്ധതികൾ, ലൈഫ് സയൻസ്, ഭക്ഷ്യ സംസ്കരണം, ഫാർമസ്യൂട്ടിക്കൽസ് മേഖലകൾക്ക് |

| | | | |
|---|---|---|---|
| | | | ഊന്നൽ, നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് ടി നയത്തിൽ പ്രാധാന്യം നൽകുവാൻ ഉദ്ദേശിക്കുന്നു. |
| ബി) | വിവിധ വ്യവസായ പാർക്കുകളിലെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഇപ്പോൾ എത്ര വർഷത്തേയ്ക്കാണ് നൽകിവരുന്നത്; പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ സ്ഥലം ഏറ്റെടുത്ത് പുതിയ സംരംഭകർക്ക് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ; | ബി) & സി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ ഏരിയ/പ്ലോട്ടുകളിലെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം 09.06.2013 വരെ ഹയർ പർച്ചേസ്/ഔട്ട്റൈറ്റ് പർച്ചേസ് വ്യവസ്ഥയിലായിരുന്നു. 10.06.2013 മുതൽ അത് ലീസ് വ്യവസ്ഥയിലാണ്. എന്നാൽ ലീസ് വ്യവസ്ഥയിലേയ്ക്ക് മാറുന്നതിന് മുമ്പ് ഭൂമി ലഭ്യമായവർക്ക് നേരത്തെ ഉണ്ടായിരുന്ന സ്ഥിതിയിൽ തന്നെ തുടരാൻ വ്യവസ്ഥയുണ്ട്. ലീസ് പ്രകാരം അനുവദിക്കപ്പെടുന്ന ഭൂമിയുടെ വ്യവസ്ഥകൾ 30.01.2016 ലെ സ.ഉ.(കൈയ്യെഴുത്ത്) നം. 17/2016/വ്യവ നമ്പർ ഉത്തരവിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം 30 വർഷത്തെ ലീസ് വ്യവസ്ഥയിലാണ് നൽകി വരുന്നത്. കെ.എസ്.ഐ.ഡി.സിയുടെ വ്യവസായ പാർക്കുകളിലെ വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കുന്നത് 30 വർഷ പാട്ട വ്യവസ്ഥയിലാണ്. ഇതിൽ ആദ്യ രണ്ട് വർഷത്തിനുള്ളിൽ തന്നെ വ്യവസായം ആരംഭിക്കുകയും, ലീസ് പ്രീമിയം അടച്ചു തീർക്കുകയും ചെയ്യേണ്ടതുണ്ട്. പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ സ്ഥലം നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം തിരിച്ചെടുത്ത് പുതിയ സംരംഭർക്ക് മുൻഗണനാ ലിസ്റ്റ് പ്രകാരം റി അലോട്ട് ചെയ്ത് വരുന്നുണ്ട്.<br>ഭൂമിയുടെ നിലവിലുള്ള പാട്ട വ്യവസ്ഥയനുസരിച്ച് വ്യവസായ സംരംഭങ്ങളെ അനാകർഷിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് തടസ്സമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | വ്യവസായ പാർക്കുകളിലേക്ക് വ്യവസായ സംരംഭങ്ങളെ ആകർഷിച്ച് കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ സാധ്യമാക്കുന്നതിനായി ഭൂമി പാട്ടത്തിന് നൽകുന്ന വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**